ഗവ: എൽ.പി. സ്കൂൾ
തൃനക്കിടുക്ക്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

# PROFILE

വിദ്യാലയത്തിന്റെ പേര് : ഗവ : എൽ.പി. സ്കൂൾ, ആനയിടുക്ക്

വിലാസം : താണ.പി.ഒ
കണ്ണൂർ - 670012

ഫോൺ : 04972706042

സ്കൂൾ കോഡ് : 13302

വിദ്യാഭ്യാസ ഉപജില്ല : കണ്ണൂർ നോർത്ത്

വിദ്യാഭ്യാസ ജില്ല : കണ്ണൂർ

ബി.ആർ.സി : കണ്ണൂർ നോർത്ത്

സി.ആർ.സി : തായത്തെരു

വാർഡ് : ആനയിടുക്ക്

കോർപറേഷൻ : കണ്ണൂർ

ജില്ലാപഞ്ചായത്ത് : കണ്ണൂർ

ഇ-മെയിൽ : glps anayidukku @ gmail.com

# ഉള്ളടക്കം

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. പദ്ധതി വിശദാംശങ്ങൾ – മാസ്റ്റർ പ്ലാൻ
4. പ്രതീക്ഷിത നേട്ടങ്ങൾ
5. ഉപസംഹാരം

# ആമുഖം

1930-ൽ സ്ഥാപിതമായ ആനയിടുക്ക് ഗവ: എൽ.പി.സ്കൂൾ നല്ല അക്കാദമിക നിലവാരം പുലർത്തിയിരുന്നു എന്ന് രേഖകൾ സൂചിപ്പിക്കുന്നു. സമൂഹത്തിന്റെ പലമേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച പ്രഗൽഭർ ഉൾപ്പെടുന്ന ഒരു പൂർവ്വവിദ്യാർത്ഥി സമൂഹം ഈ വിദ്യാലയത്തിനുണ്ട്.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനോടുള്ള അഭിനിവേശത്താൽ മറ്റു വിദ്യാലയങ്ങൾക്കെന്ന പോലെ ഇവിടെ ഒരു ശോചനീയാവസ്ഥ സംഭവിച്ചിട്ടുള്ളതായി പറയാതിരിക്കാൻ വയ്യ. എന്നാൽ കഴിഞ്ഞ രണ്ടുമൂന്ന വർഷങ്ങളായി ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ് ഞങ്ങളും.

2025-26 അധ്യയന വർഷം മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി തുല്യതയും ഗുണനിലവാരവുമുള്ളതായ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണ് ഇത്.

# ലക്ഷ്യങ്ങൾ

1. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
2. ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും ആസ്വാദ്യകരമാക്കുന്നു.
3. സ്കൂളിൽ എത്തിച്ചേരേണ്ട എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
4. ഓരോ അധ്യാപികയും ആധുനികസാങ്കേതികവിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
5. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു.

# മാസ്റ്റർ പ്ലാൻ

ക്ലാസ്സ്: 1 - ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അടിസ്ഥാനഭാഷാശേഷി വികസനം | → ഭാഷാകേളികൾ സംഘടിപ്പിക്കൽ<br>-> വായനാകാർഡുകൾ രൂപപ്പെടുത്തൽ<br>-> റീഡേഴ്സ് തിയേറ്റർ<br>-> അക്ഷരകാർഡുകൾ, പദകാർഡുകൾ, പാട്ടും കഥകളുമായി കൂട്ടിക്കൂട്ടങ്ങൾ. | ജൂൺ - ഒക്ടോബർ | ക്ലാസ്സ് ടീച്ചർ | |
| • സർഗാത്മകശേഷി വികാസം | -> പാട്ടരങ്ങ്<br>-> കഥോത്സവം<br>-> രചനോത്സവം<br>-> സംയുക്ത ഡയറി | നവംബർ- ജൂലായ് | SRG, രക്ഷിതാക്കൾ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ആസ്വാദകരവും ലളിതവുമാക്കൽ | -> വിവിധ തരം കളികൾ (സങ്കലനം, വ്യവകലനം സംഖ്യാ വ്യാഖ്യാനം)<br>-> ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം<br>-> ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ | വർഷം മുഴുവൻ<br>ഓഗസ്റ്റ് മുതൽ | ക്ലാസ് ടീച്ചർ<br>ഗണിതം - ക്ലബ്ബ് കൺവീനർ | |
| • ഗണിതചിന്താശേഷി വളർത്തൽ | -> കുസൃതിക്കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുത്തൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ- ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. | -> ICT സാധ്യത - വീഡിയോ, കാർട്ടൂൺ പ്രദർശനം<br>-> ഇംഗ്ലീഷ് ഗെയിംസ്<br>-> സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ | ജൂൺ മുതൽ | ക്ലാസ്ടീച്ചർ | |
| • ഇംഗ്ലീഷ് തെറ്റാതെ എഴുതാനുള്ള ശേഷി നേടൽ | -> ഇംഗ്ലീഷ് ക്യാമ്പ്<br>-> ഇംഗ്ലീഷ് തിയേറ്ററുകൾ<br>-> ഇംഗ്ലീഷ് ഡയറി | ഓഗസ്റ്റ് | SMC | |
| • ഇംഗ്ലീഷ് സ്പീച്ച് പ്രാവീണ്യം നേടൽ | -> ഇംഗ്ലീഷ് അസംബ്ലി<br>-> ഇംഗ്ലീഷ് ഡേ, സെലിബ്രേഷൻ | ഒക്ടോബർ | ഷംസ്, ആർ ജി<br>ക്ലാസ്സ് ടീച്ചർ | |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • ആഹാരശീലങ്ങളും - ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നു. | -> നല്ല ആഹാരശീലങ്ങൾ റോൾ പ്ലേ.<br>-> ഭക്ഷ്യമേള പ്രദർശനം<br>-> നാടൻ വിഭവങ്ങളുപയോഗിച്ചുള്ള പാചകവും രുചിയറിവും.<br>-> പാചകക്കുറിപ്പുകൾ | ഓഗസ്റ്റ്- സെപ്തംബർ | SRG<br>SMC | |
| • പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | -> പുഷ്പോദ്യാനം<br>-> ഔഷധത്തോട്ടം | ഡിസം- ബർ | SRG<br>SMC | |

ക്ലാസ്സ് : 2 - ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| • അടിസ്ഥാന ഭാഷാ ശേഷി വികസനം | → ഭാഷാ കളരി<br>→ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>→ വായനാക്കാർഡുകളുടെ ഉപയോഗം<br>→ റീഡേഴ്സ് തിയേറ്റർ | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | |
| • ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | → സംയുക്ത ഡയറി | ഓഗസ്റ്റ് ജൂൺ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | |
| • വായനാശേഷി വളർത്തൽ | → ക്ലാസ്സ് വായനാക്കൂട്ടം വളർത്തൽ<br>→ റീഡേഴ്സ് തിയേറ്റർ | ഓഗസ്റ്റ് മുതൽ | ക്ലാസ്സ് ടീച്ചർ | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| -> കളികളിലും നിർമ്മാണ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | • മഞ്ചാടി സഞ്ചി, ഈർക്കിൽ എന്നിവയുടെ കൂട്ടങ്ങൾ, വിവിധ പക്ഷികളുടെ കട്ടൗട്ടുകൾ നിർമ്മാണം.<br>• ഗണിതകേളികളിൽ ഏർപ്പെടൽ. | ജൂൺ- | ക്ലാസ്സ് ടീച്ചർ | |
| -> അടിസ്ഥാന ഗണിത ശേഷികൾ നേടൽ | • കുഞ്ഞു പുസ്തകം തയ്യാറാക്കൽ<br>• സാൻഡ് ട്രേ നിർമ്മാണം. | സെപ്തംബർ | രക്ഷിതാക്കൾ SRG | |
| -> ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ | • ICT സാധ്യത<br>• വിവിധ രൂപങ്ങളുടെ നിർമ്മാണം<br>• ഗണിത ശില്പശാല | ഓഗസ്റ്റ് | SMC | |

## ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചിന്തുണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വായനയെ പരിപോഷിപ്പിക്കൽ | -> ക്ലാസ്സ് ലൈബ്രറി<br>-> റീഡേഴ്സ് തിയേറ്റർ | ജൂൺ-മാർച്ച് | ക്ലാസ്സ്-ടീച്ചർ | |
| • സർഗാത്മകത പരിപോഷിപ്പിക്കൽ | -> ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, conversation, Story telling) | ജൂലായ്-മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| • ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി നേടൽ | -> ഇംഗ്ലീഷ് ഡയറി<br>-> ഇംഗ്ലീഷ് ഭാഷാകളികൾ<br>-> തിയേറ്ററുകൾ<br>-> ഇംഗ്ലീഷ് അസംബ്ലി | ഒക്ടോബർ മുതൽ | ക്ലാസ്സ് ടീച്ചർ, രക്ഷിതാക്കൾ | |

# പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കൽ | → റോൾ പ്ലേ<br>→ പോസ്റ്റർ രചനാമത്സരം | ജൂൺ-ജൂലായി | SRG | |
| • ശാസ്ത്രാവബോധം വളർത്തൽ | → ലഘു പരീക്ഷണങ്ങൾ നടത്തുന്നു.<br>→ പരീക്ഷണം വിട്ടിനകത്തും. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |
| • നിരീക്ഷണം, അറിവ് നിർമ്മാണം. | → പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ജൂൺ-മാർച്ച് | SRG | |

ക്ലാസ്സ് : 3 → ഭാഷ - മലയാളം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | → ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ<br>→ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>→ പദങ്ങളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും അടയാളപ്പെടുത്തൽ. | ലക്ഷ്യം നേടുന്നതു വരെ | ക്ലാസ്സ് ടീച്ചർ<br>SRG | |
| • വായനാശേഷി വളർത്തൽ | → ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>→ ക്ലാസ്സ് വായനാക്കൂട്ടം<br>→ റീഡേഴ്സ് തിയേറ്റർ | | | |
| • എഴുത്ത് പരിപോഷിപ്പിക്കൽ | → പാഠഭാഗ പഠനപ്രവർത്തനങ്ങൾ | ജൂലായ്- മുതൽ. | ക്ലാസ്സ് ടീച്ചർ | |

## ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | → ഗണിത ശില്പശാല<br>→ ജ്യാമിതീയ രൂപങ്ങളുടെ | ഓഗസ്റ്റ് | SRG | |
| • ഗണിതം ലളിതമാക്കാം കളികളിലൂടെ | → ഗണിത കളികൾ<br>→ ഗണിത പസിലുകൾ<br>→ നിത്യജീവിത സന്ദർഭങ്ങളുമായി ഗണിതത്തെ ബന്ധപ്പെടുത്തൽ<br>→ ഗണിത ക്ലബ്ബ് രൂപീകരണം - പ്രവർത്തനം. | ജൂലായ് | ക്ലാസ്സ് ടീച്ചർ<br>ക്ലബ്ബ് കൺവീനർ | |

## ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | → ഇംഗ്ലീഷ് ഗെയിംസ്<br>→ പാഠഭാഗവുമായി ബന്ധപ്പെട്ട് spoken english<br>→ ഇംഗ്ലീഷ് അസംബ്ലി<br>→ English day celebration | ജൂൺ മുതൽ | SRG | |
| • വായന: ആശയമറിഞ്ഞും ഒഴുക്കോടെയും | → ക്ലാസ്സ് ലൈബ്രറി<br>→ ഇംഗ്ലീഷ് തിയേറ്ററുകൾ<br>→ ഇംഗ്ലീഷ് ഡയറി | ജൂലായ് മുതൽ | ക്ലാസ്സ് ടീച്ചർ | |

പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചിന്തുണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്രാവബോധം വളർത്തുക | → ശാസ്ത്രകഥകൾ പറഞ്ഞു കൊടുക്കുന്നു.<br>→ പ്രകൃതി നടത്തം<br>→ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം. | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ | |
| • ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | → പരീക്ഷണ മൂല സ്ഥാപിക്കൽ<br>→ ആഴ്ച്ചയിൽ ഒരു പരീക്ഷണം നടത്തൽ<br>→ കുറിപ്പ് തയ്യാറാക്കൽ | സെപ്റ്റംബർ മുതൽ | SRG<br>ക്ലാസ്സ്-ടീച്ചർ | |

ക്ലാസ്സ് : 4 → ഭാഷ - മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | വിന്യസ്ത ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | → അക്ഷരക്കാർഡുകൾ നൽകൽ<br>→ വാക്കുകൾ എഴുതിയ കാർഡ്<br>→ വാക്യങ്ങൾ നിർമ്മിക്കുക<br>→ ചിത്രം - കഥപറയൽ<br>→ ചിത്രം - കഥയെഴുതൽ<br>→ കഥ ബാക്കിയെഴുതൽ<br>→ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ | |
| • കുട്ടിയെ മികച്ച വായനക്കാരനാക്കൽ | → വായനാമൂല<br>→ വായനാകുറിപ്പ്<br>→ വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>→ ക്ലാസ്സ് സഭ | ജൂലായ് മുതൽ | ക്ലാസ്സ് ടീച്ചർ | |

ഗണിതം :

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചിന്തുണ ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • അടിസ്ഥാന ഗണിത ക്രിയാ ശേഷികൾ, എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | → നാലക്കസംഖ്യകളുടെ സംഖ്യാ ബോധം, വ്യാഖ്യാനം<br>→ നാലക്കസംഖ്യകളുടെ ചതുഷ് ക്രിയകൾ | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ | |
| • ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ | → ടാൻഗ്രാം ചിത്രങ്ങൾ പതിപ്പ് നിർമ്മാണം<br>→ ഗണിത കേളികൾ<br>→ പസിലുകൾ, പാറ്റേണുകൾ<br>→ ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ | ജൂൺ ഓഗസ്റ്റ് മുതൽ | ക്ലാസ്സ് ടീച്ചർ<br>ക്ലബ്ബ് കൺവീനർ | |

ഇംഗ്ലീഷ് :

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ഉത്തരവാദിത്ത ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| • ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | -> ഡയറി എഴുത്ത്<br>-> ഇംഗ്ലീഷ് കഥകൾ കേൾപ്പിക്കൽ<br>-> ഗെയിംസ്<br>-> Spoken english class<br>-> English day celebration<br>-> English Assembly. | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ | |
| • സർഗാത്മകത പരിപോഷിപ്പിക്കൽ | -> ഇംഗ്ലീഷ് തിയേറ്റർ<br>-> ഇംഗ്ലീഷ് ഫെസ്റ്റ് | ഓഗസ്റ്റ് മുതൽ | ക്ലാസ്സ് ടീച്ചർ | |

പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • നിരീക്ഷണം | → പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ | SRG | |
| • അന്വേഷണാത്മക പഠനം | → പാഠഭാഗ പ്രശ്നങ്ങൾ അന്വേഷണത്തിലൂടെ പരിഹാരനടപടികൾ കണ്ടെത്തി തുടർപ്രവർത്തനത്തിലേർപ്പെട്ട് വിലയിരുത്തുന്നു. | സെപ്തംബർ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| • വ്യത്യസ്ത വികാസ മേഖലയിലെ വികാസം<br>· വിജ്ഞാന മേഖല<br>· പ്രക്രിയ മേഖല<br>· മനോഭാവ മേഖല<br>· സർഗാത്മക മേഖല<br>· പ്രയോഗ മേഖല<br>· ശാസ്ത്രത്തിന്റെ സ്വഭാവ മേഖല | → പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>→ ശാസ്ത്ര മാസിക നിർമ്മാണം<br>→ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ പ്രദർശിപ്പിക്കൽ<br>→ ശാസ്ത്രോത്സവം | ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ<br>SRG | |

അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചിന്തുന്ന ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • തെറ്റുകൂടാതെ വായിക്കുവാനുള്ള കഴിവു നേടുക | → അക്ഷരവായന<br>→ ക്ലാസ്സ് വായന<br>→ ലൈബ്രറി വായന<br>→ ചിത്ര വായന<br>→ വീട്ടു വായന, കഥാവായന<br>→ E - വായന | ജൂൺ മുതൽ | അറബിക് ടീച്ചർ | |
| • അറബിഭാഷ എഴുതുന്നതിനും സംസാരിക്കുന്നതിനും ആത്മവിശ്വാസമുണ്ടാക്കുന്നു. | → കയ്യെഴുത്ത് മാസിക<br>→ അറബിക് ഫെസ്റ്റ്<br>→ ചുമർ പത്രിക<br>→ പദകേളികൾ<br>→ വാക്കുകളും, ചിഹ്നങ്ങളും കളിപഠനം. | ജൂൺ മുതൽ | അറബിക് ടീച്ചർ | |

# പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- 'സ്കൂൾ സമൂഹത്തിൽ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാഭ്യാസരംഗത്തെ അശാസ്ത്രീയപ്രവണതകൾക്ക് തടയിടാൻ കഴിയുന്നു.

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കി മാറ്റുന്ന മഹത്തായ പ്രക്രിയയാണ് വിദ്യാഭ്യാസം. ഈ മഹത്തായ ദൗത്യം നിർവ്വഹിക്കാൻ പര്യാപ്തമായ പുതുതലമുറയെ വാർത്തെടുക്കാനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ യജ്ഞം മുന്നോട്ട് വെക്കുന്നത്. ഈ യജ്ഞത്തിൽ പങ്കാളികളായി നമ്മകളായ് സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കൂടുതൽ സമ്പുഷ്ടമാക്കുന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.